# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

*(ഹാജർ: ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്.)*

വിഷയം : കുടുംബശ്രീ – വയോജന വിഭാഗങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നത് – സംബന്ധിച്ച്.

***ORDER No. 6261/ M/2017/KSHO DATED 03..08..2017***

പുരോഗമന സമൂഹങ്ങളിലെല്ലാം വാർദ്ധക്യ പരിരക്ഷയും പരിചരണവും പ്രത്യേക പരിഗണന അർഹിക്കുന്ന വിഷയമായി ഇപ്പോൾ വികസിച്ചു വന്നിട്ടുണ്ട്. കേരളത്തിലെ വൃദ്ധജന സംഖ്യ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. 2011 സെൻസസ് പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയുടെ 13 ശതമാനം 60 വയസ്സിനു മുകളിലുള്ളവരാണ്. 2025 ആകുമ്പോഴേക്കും ഇത് 20 ശതമാനം ആകുമെന്നാണ് അനുമാനിക്കുന്നത്. 60 വയസ്സിനു മുകളിലുള്ള വിഭാഗത്തിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. വയോജനങ്ങളിൽ 65 വയസ്സ് വരുന്ന മുതിർന്നവരും രോഗതുരരാണെന്ന് 2015-ലെ എൻ.എസ്.എസ്. സർവ്വേ സൂചിപ്പിക്കുന്നു.

ആരോഗ്യ പ്രശ്നങ്ങൾ, വരുമാനമില്ലാത്ത അവസ്ഥ, ഒറ്റപ്പെടീൽ, ഏകാന്തത, വിനോദോപാധികളുടെ അഭാവം എന്നിവയെല്ലാം വയോജനങ്ങൾ നേരിടുന്ന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ ഈ പ്രശ്നങ്ങളുടെ തീവ്രതകൂടുതലാണ്. സംസ്ഥാന വയോജന നയം 2013 പ്രകാരം വയോജനങ്ങൾക്കു മെച്ചപ്പെട്ട ആരോഗ്യവും പങ്കാളിത്തവും ഉറപ്പാക്കി അവരുടെ ജീവിത നിലവാരം ഉയർത്തി വയോജന സൗഹൃദ സമൂഹമാക്കി കേരളത്തെ മാറ്റുമെന്ന് പ്രഖ്യാപിക്കുന്നു.

പ്രത്യക പരിഗണന അർഹിക്കുന്ന വിഭാഗമെന്ന നിലയിൽ വയോജന പരിരക്ഷയ്ക്കും സംരക്ഷണത്തിനുമായി ദേശീയ ഗ്രാമീണ ഉപജീവന പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷം കുടുംബശ്രീ മിഷൻ കേരളത്തിൽ എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്കിലും കൊല്ലം ജില്ലയിലെ ചവറ ബ്ലോക്കിലും വയോജന അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. നിലവിൽ 2017 മാർച്ച് 31-വരെയുള്ള കണക്കുകൾ പ്രകാരം 562 അയൽക്കൂട്ടങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വയോജന വിഭാഗങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിക്കുകയുണ്ടായി.

വയോജന വിഭാഗങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങളെ ശാക്തീകരണത്തിനും സുസ്ഥിരമാക്കുന്നതിനും ടി അയൽക്കൂട്ടങ്ങൾക്ക് സാമ്പത്തിക പിന്തുണ ആവശ്യമാണ്. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ ഒന്നാണ് ലഘു സമ്പാദ്യ വായ്പ പ്രവർത്തനം. പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ഏത് ആവശ്യത്തിനും ലളിതമായ നടപടിക്രമങ്ങളിലൂടെ വായ്പ ലഭ്യമാക്കുകയെന്നതാണ് കുടുംബശ്രീ ലഘു സമ്പാദ്യ വായ്പ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്ന്.

ഈ സാഹചര്യത്തിൽ വയോജന വിഭാഗത്തിൽപെടുന്ന അംഗങ്ങൾ ഉൾപ്പെടുന്ന പ്രത്യേക വയോജന അയൽക്കൂട്ടങ്ങൾക്ക് ലഘു സമ്പാദ്യവായ്പ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നതിന് കുടുംബശ്രീ മിഷനിൽ നിന്നും കോർപ്പസ്

ഫണ്ടായി 5,250/- രൂപ (അയ്യായിരത്തി ഇരുന്നൂറ്റ് അമ്പത് രൂപ മാത്രം) വീതം താഴെപറയുന്ന വ്യവസ്ഥകൾ പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

1. കുടുംബശ്രീ സിഡിഎസ്സുകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വയോജനങ്ങൾ അംഗമായിട്ടുള്ള പ്രത്യേക വയോജന അയൽക്കൂട്ടങ്ങൾക്ക് മാത്രമാണ് കോർപ്പസ് ഫണ്ട് ജില്ലാ മിഷനിൽ നിന്നും അനുവദിക്കേണ്ടത്.

2. കോർപ്പസ് ഫണ്ടിന് അർഹരായ വയോജന അയൽക്കൂട്ടങ്ങൾ സിഡിഎസ്സിന്റെ ശുപാർശയോടു കൂടി അപേക്ഷ ജില്ലാ മിഷനിൽ സമർപ്പിക്കണം. (അപേക്ഷയുടെ മാതൃക അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു)
3. ജില്ലാ മിഷൻ അപേക്ഷ പരിശോധിച്ച്, അർഹരായ വയോജന പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് 5,250/-രൂപ (അയ്യായിരത്തി ഇരുനൂറ്റി അൻപത് രൂപ മാത്രം) കോർപ്പസ് ഫണ്ടായി അനുവദിക്കേണ്ടതാണ്.
4. വയോജന അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ജില്ലാ മിഷൻ കോർപ്പസ് ഫണ്ടായി അനുവദിച്ച തുക നൽക്കേണ്ടതാണ്.
5. ഇപ്രകാരം ലഭിക്കുന്ന കോർപ്പസ് ഫണ്ട് അയൽക്കൂട്ട അംഗങ്ങൾ വീതിച്ചെടുക്കാൻ പാടില്ല. അയൽക്കൂട്ടങ്ങളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത തുക ആന്തരിക വായ്പാ പ്രവർത്തനത്തിനു മാത്രമേ ഉപയോഗിക്കാവൂ. ആന്തരിക വായ്പയുടെ പലിശ നിരക്ക് അയൽക്കൂട്ട യോഗത്തിന് തീരുമാനിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം തീരുമാനിക്കുന്ന വായ്പയുടെ വാർഷിക പലിശ. നിരക്ക് 12 ശതമാനത്തിന് മുകളിൽ അധികരിക്കാൻ പാടുള്ളതല്ല.
6. അയൽക്കൂട്ടത്തിന് രജിസ്റ്ററുകൾ വാങ്ങുന്നതിനായി അയൽക്കൂട്ട യോഗ തീരുമാന പ്രകാരം ടി ഫണ്ടിൽ നിന്നും പരമാവധി 250/- രൂപ (ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) വരെ ചിലവഴിക്കാവുന്നതാണ്.
7. കോർപ്പസ് ഫണ്ട് അനുവദിച്ച ഗ്രൂപ്പുകളുടെ പേര്, തുക തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള ജില്ലാ മിഷന്റെ കത്ത് സി.ഡി.എസിന് രേഖാമൂലം അറിവിലേയ്ക്കായി നൽകേണ്ടതാണ്.
8. അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് ലഭ്യമാക്കിയതിനുശേഷം രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിനും ആന്തരിക വായ്പാ പ്രവർത്തനം കൃത്യമായി നടത്തുന്നതിനും ആവശ്യമായ പിന്തുണ സി.ഡി.എസ്സും എ.ഡി.എസ്സും നൽകേണ്ടതാണ്.
9. കോർപ്പസ് ഫണ്ടായി ചെലവാകുന്ന തുക ജില്ലാ മിഷനിൽ ലഭ്യമായ പ്ലാൻ ഫണ്ടിലെ സംഘടനാ ശാക്തീകരണം എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.
10. ഫണ്ട് അനുവദിയ്ക്കുന്ന മുറയ്ക്ക് ഉപയുക്തതാ സർട്ടിഫിക്കറ്റ് സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ടതാണ്.

ജില്ലതിരിച്ചുള്ള വയോജന പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണവും (30/6/2017-ലെ കണക്കനുസരിച്ച്) അനുവദിച്ച കോർപ്പസ് ഫണ്ട് തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | വയോജന പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണം (30/6/2016 വരെ) | അനുവദിച്ച കോർപ്പസ് ഫണ്ട് |
|---|---|---|---|
| 1 | തിരുവനന്തപുരം | 50 | 2,62,500 |
| 2 | കൊല്ലം | 134 | 7,03,500 |
| 3 | പത്തനംതിട്ട | 124 | 6,51,000 |
| 4 | ആലപ്പുഴ | 131 | 6,87,750 |
| 5 | കോട്ടയം | 160 | 8,40,000 |
| 6 | ഇടുക്കി | 57 | 2,99,250 |
| 7 | എറണാകുളം | 121 | 6,35,250 |
| 8 | തൃശൂർ | 248 | 13,02,000 |
| 9 | പാലക്കാട് | 110 | 5,77,500 |
| 10 | മലപ്പുറം | 80 | 4,20,000 |
| 11 | കോഴിക്കോട് | 110 | 5,77,500 |
| 12 | വയനാട് | 32 | 1,68,000 |
| 13 | കണ്ണൂർ | 266 | 13,96,500 |
| 14 | കാസർഗോഡ് | 97 | 5,09,250 |
| **ആകെ** | | **1,720** | **90,30,000** |

കൊല്ലം ജില്ലയിലെ ചവറ, എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്കുകളിൽ എൻ.ആർ.എൽ.പി. പദ്ധതി പ്രകാരം രൂപീകരിച്ച അയൽക്കൂട്ടങ്ങളെ ഒഴിവാക്കിയാണ് ടി ജില്ലകളിൽ തുക അയൽക്കൂട്ടങ്ങൾക്ക് അനുവദിക്കേണ്ടത്.

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സി.ഡി.എസ്. ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)

*പകർപ്പ്*

1. *എല്ലാ പ്രോഗ്രാം ഓഫീസർമാർ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, പ്രോഗ്രാം മാനേജർ (സംസ്ഥാന മിഷൻ)*
2. *അക്കൗണ്ട്സ് സെക്ഷൻ*
3. *കരുതൽ/അധികം*

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ (സംഘടന)

കുടുംബശ്രീ ............................................................ ജില്ലാ മിഷൻ

**വയോജന വിഭാഗങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങൾക്കുള്ള കോർപ്പസ് ഫണ്ട് അപേക്ഷാ ഫോറം**

.......................... ഗ്രാമ പഞ്ചായത്ത്/നഗരസഭ കുടുംബശ്രീ സി.ഡി.എസ്.

1. അയൽക്കൂട്ടത്തിന്റെ പേര് :
   a) വിലാസം :
   b) ഫോൺ നമ്പർ :
2. വാർഡ് നമ്പർ/പേര് :
3. അയൽക്കൂട്ടം രൂപീകരിച്ച തിയ്യതി :
4. സി.ഡി.എസിലെ അഫിലിയേഷൻ നമ്പർ :
5. അയൽക്കൂട്ടത്തിലെ അംഗങ്ങളുടെ എണ്ണം :
6. അക്കൗണ്ട് തുടങ്ങിയ ബാങ്കിന്റെ പേര് :
   a) ബാങ്ക് ബ്രാഞ്ചിന്റെ പേര് :
   b) ബാങ്ക് വിലാസം :
   c) എസ്.ബി .അക്കൗണ്ട് നമ്പർ :
7. അയൽക്കൂട്ടംഅംഗങ്ങളുടെവിവരങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | അംഗത്വം നൽകിയ തീയതി | വയസ്സ് | ബി.പി.എൽ/ എ.പി.എൽ | ഒപ്പ് |
|---|---|---|---|---|---|
| 1. | | | | | |
| 2. | | | | | |
| 3. | | | | | |
| 4. | | | | | |
| 5. | | | | | |
| 6. | | | | | |
| 7. | | | | | |
| 8. | | | | | |
| 9. | | | | | |
| 10. | | | | | |
| 11. | | | | | |

| ക്രമ നമ്പർ | പേരും മേൽവിലാസവും | അംഗത്വം നൽകിയ തീയതി | വയസ്സ് | ബി.പി.എൽ/ എ.പി.എൽ | ഒപ്പ് |
|---|---|---|---|---|---|
| 12. | | | | | |
| 13. | | | | | |
| 14. | | | | | |
| 15. | | | | | |
| 16. | | | | | |
| 17. | | | | | |
| 18. | | | | | |
| 19. | | | | | |
| 20. | | | | | |

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് സത്യപ്രസ്താവന ചെയ്യുന്നു. ആയതിനാൽ ഞങ്ങളുടെ വയോജന പ്രത്യേക അയൽക്കൂട്ടത്തിന് കോർപ്പസ് ഫണ്ട് അനുവദിച്ച് തരണമെന്ന് അപേക്ഷിക്കുന്നു. കോർപ്പസ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ധനസഹായം അയൽക്കൂട്ടത്തിലെ ആന്തരിക വായ്പയ് പ്രവർത്തനങ്ങൾക്കു മാത്രമേ ഉപയോഗിക്കുകയുള്ളൂ.

അയൽക്കൂട്ടം പ്രസിഡന്റിന്റെ പേരും ഒപ്പും

(അയൽക്കൂട്ടം മുദ്ര)

അയൽക്കൂട്ടം സെക്രട്ടറിയുടെ പേരും ഒപ്പും

---

## സി.ഡി.എസ്സ് ശുപാർശ

...................................... അയൽക്കൂട്ടം കോർപ്പസ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള വയോജന വിഭാഗത്തിൽ ഉൾപ്പെട്ട പ്രത്യേക അയൽക്കൂട്ടമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിരിക്കുന്നു ആയതിനാൽ കോർപ്പസ് ഫണ്ട് അനുവദിക്കാവുന്നതാണ്.

**സി.ഡി.എസ്ചെയർപേഴ്സന്റെ പേരും ഒപ്പും**

(ഓഫീസ് മുദ്ര)

**മെമ്പർ സെക്രട്ടറി പേരും ഒപ്പും**

---

**കുറിപ്പ്:**

1. *അപേക്ഷയുടെ കൂടെ സി.ഡി.എസിലെ അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെയും വയോജന അയൽക്കൂട്ടത്തിന്റെ ബാങ്ക് പാസ്സ് ബുക്കിന്റെയും പകർപ്പ് വയ്ക്കേണ്ടതാണ്.*
2. *പൂർണ്ണമായും പൂരിപ്പിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.*
3. *ജില്ലാ മിഷൻ നടത്തുന്ന പരിശോധനയിൽ അപേക്ഷ വ്യാജമാണെന്ന് തെളിഞ്ഞാൽ ധനസഹായം തിരിച്ചു പിടിക്കുന്നതടക്കമുള്ള നിയമ നടപടികൾ ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിക്കുന്നതാണ്.*

## കുടുംബശ്രീ ജില്ലാ മിഷന്റെ പരിശോധനാ റിപ്പോർട്ട്

..................................ഗ്രാമ പഞ്ചായത്ത്/നഗരസഭ കുടുംബശ്രീ സി.ഡി.എസ്സിലെ ............................................................................................................ അയൽക്കൂട്ടം കോർപ്പസ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള വയോജന വിഭാഗത്തിൽ ഉൾപ്പെട്ട പ്രത്യേക അയൽക്കൂട്ടമാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ അയൽക്കൂട്ടത്തിന് കോർപ്പസ് ഫണ്ട് .........................രൂപ അനുവദിക്കാവുന്നതാണ്.

എ.ഡി.എം.സി
കുടുംബശ്രീ

തീയ്യതി:

---

## ഉത്തരവ്

കോർപ്പസ് ഫണ്ട് ......... രൂപ (.................................................. ........................ രൂപ മാത്രം) ..................................................................... വയോജന പ്രത്യേക അയൽക്കൂട്ടത്തിന് അനുവദിച്ചിരിക്കുന്നു.

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
കുടുംബശ്രീ

തീയ്യതി:

(ഓഫീസ്
മുദ്ര)